ഉത്തരം

(എ) തിരുവനന്തപുരം സ്പിന്നിംഗ് മില്ലിൽ ഇപ്പോൾ മാനേജിംഗ് ഡയറക്ടർ ഇല്ല. ജനറൽ മാനേജർ ശ്രീ. എം. അളഗപ്പനാണ് മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹിക്കുന്നത്. ശ്രീ. അളഗപ്പൻ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ചെയർമാന്റേയും മലബാർ സ്പിന്നിംഗ് ആൻറ് വീവിംഗ് മില്ലിന്റെ ജനറൽ മാനേജരുടെയും ചുമതലകൾ കൂടെ വഹിക്കുന്നുണ്ട്.

(ബി) മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്.

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച സ്പിന്നിംഗ് മില്ലുകൾ

679. [952] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, സി. ടി. അഹമ്മദാലി :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരംഭിച്ച സ്പിന്നിംഗ് മില്ലുകൾ എത്ര ;

(ബി) ഈ കാലഘട്ടത്തിനുള്ളിൽ ഏതെല്ലാം സ്പിന്നിംഗ് മില്ലുകൾ ഉൽപ്പാദനം തുടങ്ങി ;

(സി) അവയിൽ സഹകരണ സ്പിന്നിംഗ് മില്ലുകളെത്ര ;

(ഡി) ഉൽപ്പാദനം ആരംഭിച്ച ഓരോ യൂണിറ്റിന്റേയും മുതൽമുടക്കെത്ര ; അവയിൽ തൊഴിൽ ലഭിച്ചവരുടെ എണ്ണമെത്ര ?

ഉത്തരം

(എ., ബി., സി., ഡി.) പൊതുമേഖലയിൽ മലപ്പുറം ജില്ലയിലെ എടരിക്കോട് ടെക്സ്റ്റൈൽസ് കാസർഗോഡ് ജില്ലയിലെ കേരളാ ടെക്സ്റ്റൈൽസ് എന്നീ മില്ലുകളും സഹകരണമേഖലയിൽ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലും ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലുമാണ് ഈ കാലഘട്ടത്തിൽ ആരംഭിച്ച പുതിയ സ്പിന്നിംഗ് മില്ലുകൾ. ഈ മില്ലുകളിലൊന്നും ഇതുവരെ വ്യാവസായികടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങിയിട്ടില്ല.

കേരള ഓട്ടോമൊബൈൽസിലെ ജീവനക്കാർ

680. [953] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആട്ടോമൊബൈൽസിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട് ;

(ബി) അവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 299.

(ബി) ബ്രാഹ്മണർ — 7
നായർ — 111
ഈഴവർ — 34
ക്രിസ്ത്യാനികൾ — 22

LIBRARY ARCHIVES Kerala Legislative Assembly

മുസ്ലീങ്ങൾ	—	48
പട്ടികജാതിക്കാർ	—	18
നാടാർ	—	25
വിശ്വകർമ്മർ	—	12
മറ്റുള്ളവർ	—	22
ആകെ		299

കേരളാ മിനറൽസ് ആൻഡ് മെറ്റൽസിലെ ജീവനക്കാർ

681. [954] ശ്രീമതി ഗൗരിഭവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ മിനറൽസ് ആൻഡ് മെറ്റൽസിൽ ഇപ്പോൾ ഉള്ള മൊത്തം ജീവനക്കാർ എത്ര ; അവരിൽ സ്ത്രീകൾ എത്ര ; പട്ടിക ജാതിക്കാർ എത്ര ;

(ബി) പട്ടികജാതിക്കാരിലും സ്ത്രീകളിലും ക്ലാസ്—1, ക്ലാസ്—2, ക്ലാസ്—3, ക്ലാസ്—4 എന്നീ ഓരോ വിഭാഗത്തിലും പെട്ടവർ എത്രവീതം ;

(സി) അവിടെ ഹരിജനങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മൊത്തം ജീവനക്കാർ — 1172
സ്ത്രീകൾ — 30
പട്ടികജാതി-പട്ടികവർഗ്ഗക്കാർ — 114

(ബി) ക്ലാസ്-1-ം ക്ലാസ്-2-ം വിഭാഗത്തിൽ പട്ടികജാതിക്കാർ ആരും ഇല്ല. ക്ലാസ്-3 വിഭാഗത്തിൽ 26 പേരും ക്ലാസ്-4 വിഭാഗത്തിൽ 79 പേരും പട്ടികജാതിയിൽപ്പെട്ടവരായുണ്ട്. കൂടാതെ ക്ലാസ്-1 വിഭാഗത്തിൽ ഒരാളും, ക്ലാസ്-4 വിഭാഗത്തിൽ 9 പേരും പട്ടികവർഗ്ഗത്തിൽപ്പെട്ടവരായുണ്ട്. സ്ത്രീകളിൽ ക്ലാസ്-1 വിഭാഗത്തിൽ ഒരാളും, ക്ലാസ്-3 വിഭാഗത്തിൽ 32 പേരും, ക്ലാസ്-4 വിഭാഗത്തിൽ 6 പേരും ഉണ്ട്.

(സി, ഡി) മൊത്തം ജീവനക്കാരിൽ (1172) പട്ടികജാതിയിൽപ്പെട്ടവർ 105 പേരാണ്. ഇത് 8 ശതമാനത്തിൽ കൂടുതലാണ്. എന്നാൽ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് 2 ശതമാനം പ്രാതിനിധ്യം ഇല്ല. പട്ടികവർഗ്ഗക്കാരിൽനിന്ന് യോഗ്യതയുള്ള അപേക്ഷകരുടെ അഭാവം മൂലമാണ്. മതിയായ പ്രാതിനിധ്യം കമ്പനിയിൽ അവർക്ക് നൽകാൻ കഴിയാത്തത്.

കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ

682. [955] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നു പറയുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly